**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*61.** **27.04.2017 ന് മറുപടിയ്ക്ക്**

**മദ്യശാലകൾ പൂട്ടിയതിന്റെ അനന്തരഫലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ. ആൻസലൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.ജെ. മാക്സി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സുപ്രീംകോടതി വിധിയെ തുടർന്ന് മദ്യശാലകൾ ഒട്ടുമിക്കവയും പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ വ്യാജമദ്യ ഒഴുക്ക് തടയാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്റർ പരിധിയിൽ മദ്യവിൽപ്പന ശാലകൾ 2017 ഏപ്രിൽ 1 മുതൽ പ്രവർത്തിക്കരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് മദ്യ വിൽപ്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത വളരെയധികം കുറയുന്നതുമൂലം വ്യാജമദ്യത്തിന്റെ ഉത്പാദനം, കടത്ത്, വിപണനം, ഉപഭോഗം മുതലായ കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനുള്ള സാധ്യത മുന്നിൽ കണ്ട് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി 01.04.2017 തീയതി മുതൽ 20.04.2017 തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ച് നിരന്തരം റെയ്ഡുകളും നിരീക്ഷണങ്ങളും നടത്തിയും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും വാഹന പരിശോധനകൾ കർശനമാക്കിയും കടലിൽ കോസ്റ്റൽ പോലീസുമായി ചേർന്ന് സീ പട്രോളിങ്ങും, അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധനയും |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നുണ്ട്.<br>ഈ രീതിയിലുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ടി കാലയളവിന് ശേഷവും തുടരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ വ്യാജ മദ്യക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശന മാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതും വ്യാജമദ്യ ഉത്പാദനം നടക്കാനിടയുള്ള സ്ഥലങ്ങളിലും വനമേഖലകളിലും പ്രത്യേക നിരീക്ഷണം നടത്തുകയും, പോലീസ്, വനം, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനക ളും നടത്തി വരുന്നുണ്ട്. |
| (ബി) | മദ്യലഭ്യത കുറഞ്ഞ സാഹചര്യത്തിൽ, ലഹരിക്ക് അടിമപ്പെട്ടവർ മയക്കു മരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് നിയമ വിരുദ്ധ ലഹരി പദാർത്ഥങ്ങളിലേക്ക് തിരിയാനുള്ള അപായകരമായ സാധ്യത ഒഴിവാക്കാൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | മദ്യലഭ്യത കുറഞ്ഞ സാഹചര്യത്തിൽ, സ്ഥിരമായി മദ്യം ഉപയോഗിച്ചിരുന്നവരും മദ്യത്തിന് അടിമപ്പെട്ടവ ർ ഉൾപ്പെടെ മറ്റ് നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളിലേക്ക് തിരിയാനുള്ള അപായകരമായ സാധ്യത ഉളവാകുന്നത് ഒഴിവാക്കാൻ ശക്തമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കഞ്ചാവ്, മയക്കുമരുന്നുകൾ, ആംപ്യൂളുകൾ, ഗുളികകൾ തുടങ്ങിയ ലഹരി വസ്തുകൾ കണ്ടെടുക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകുന്നതിന് എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മദ്യവർജ്ജന പ്രചരണവും | (സി) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കു |

| | | | |
|---|---|---|---|
| ൩ | മദ്യാസക്തിമുക്ത ചികിത്സയും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | | മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, "വിമുക്തി"യ്ക്ക് രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തു വരുന്നുണ്ട്.<br>'വിമുക്തി' മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ, ആരോഗ്യ വകുപ്പുമായി സഹകരിച്ച്, രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിന് കീഴിൽ ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**